**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1283** **07-02-2023 - ൽ മറുപടിയ്ക്ക്**

**കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ കോൺവെന്റ് ജംഗ്ഷനെയും ബീച്ച് റോഡിനെയും ബന്ധിപ്പിച്ച് നബാർഡ് ധനസഹായത്തോടെ നിർമ്മിക്കുന്ന കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | കാപ്പപുഴയ്ക്ക് കുറുകെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ കോൺവെന്റ് ജംഗ്ഷനേയും ചെറായി ബീച്ച് റോഡിനേയും ബന്ധിപ്പിക്കുന്ന കോൺവെന്റ് ബീച്ച് പാലം നബാർഡ് Tranche XX പ്രവൃത്തിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. ഈ പ്രവൃത്തിക്കു വേണ്ടി പുതുക്കിയ ഭരണാനുമതി പ്രകാരം 24.46 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 266 മീറ്റർ നീളം വരുന്ന ഈ പാലം 8 സ്പാനുകളായാണ് നിർമ്മിക്കുന്നത്. നാളിതുവരെ ഈ പാലത്തിന്റെ 78% പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഫൗണ്ടേഷൻ, സബ് സ്ട്രക്ചർ പ്രവൃത്തികൾ പൂർത്തീകരിച്ചു. സൂപ്പർ സ്ട്രക്ചർ പ്രവൃത്തികൾ (ബീം & സ്ലാബ്) പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 24 ബീമുകളിൽ 17 എണ്ണവും, 8 സ്ലാബുകളിൽ 3 സ്ലാബും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ സ്ഥലം ഏറ്റെടുപ്പ് പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുന്നു. |
| (ബി) | പ്രസ്തുത പാലത്തിന്റെ ഭരണാനുമതിക്ക് ലഭ്യമായ എസ്റ്റിമേറ്റ് തുക എത്രയാണ്; നബാർഡ് ധനസഹായം എത്രയാണ്; വിശദമാക്കുമോ; പ്രവൃത്തി പൂർത്തീകരണത്തിന് കൂടുതലായി ആവശ്യമായി വരുന്ന തുക എത്രയെന്നും ഈ തുക കണ്ടെത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്നും വ്യക്തമാക്കാമോ; | (ബി) | ഭരണാനുമതി തുക - 16.90 കോടി<br><br>നബാർഡ് ധനസഹായം<br><br>ലഭ്യമായ തുക - 13.52 കോടി<br><br>(Tranche closed)<br><br>പുതുക്കിയ ഭരണാനുമതി<br><br>തുക - 24. 46 കോടി<br><br>Tranche XX close ചെയ്തതിൽ<br><br>സ്റ്റേറ്റ് ഫണ്ടിൽ നിന്നും പ്രവൃത്തി<br><br>പൂർത്തീകരണത്തിനുവേണ്ടി<br><br>ആവശ്യമായി വരുന്ന ബാക്കി |

| | | | |
|---|---|---|---|
| | | | തുക - 10.20 കോടി<br><br>ബാക്കി തുക സ്റ്റേറ്റ് ഫണ്ടിൽ നിന്നും ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ പാലങ്ങൾ വിഭാഗം വഴി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രവൃത്തി പൂർത്തീകരണത്തിന് കൂടുതലായി ആവശ്യമുള്ള തുക എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | (ബി) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ